# പ്രവാസികളുടെ ബന്ധങ്ങൾ

ഇതിനിടെ ചില കൂട്ടുകാരുടെ താമസ സ്ഥലത്തേക്ക് ചെന്നു. അകത്തേക്ക് പ്രവേശിക്കുമ്പോൾ കേട്ടത് ഒരു തമാശയായിരുന്നു. ''ഹേയ്, കടം കൊടുക്കരുത്. പിന്നെ ജീവനും കൊടുക്കേണ്ടിവരും.''

ഇത് തമാശ കലർന്ന കാര്യം പറച്ചിൽ. കൂട്ടച്ചിരിക്കിടയിൽ ഞാനോർത്തത് പ്രവാസികളുടെ ബന്ധങ്ങളെ പറ്റിയായിരുന്നു.

ഈയടുത്ത് നടുക്കുന്ന രണ്ട് കൊലപാതകങ്ങൾ ഗൾഫിൽ നടന്നു. വാർത്ത എത്ര പേരെ നടുക്കി എന്നറിയില്ല. എല്ലാം വിസ്മരിക്കുകയാണല്ലോ നാം ചെയ്യാറുള്ളത്. ഇതും പതിവുപോലെ നാം മറന്നുകളഞ്ഞു.

വധിക്കപ്പെട്ടവരുടെ കുടുംബത്തിന്റെ വേതനയിൽ പങ്ക് ചേർന്നുകൊണ്ട് ചില കാര്യങ്ങൾ പറയട്ടെ.

പ്രവാസികൾ തമ്മിലുണ്ടായിരുന്ന പഴയ ബന്ധം എവിടെയോ നഷ്ടപ്പെട്ടിരിക്കുന്നു. എല്ലാറ്റിനും ഒരുതരം യാന്ത്രികതയും സ്വന്തമെന്ന ചിന്തയും കൈവന്നിരിക്കുന്നു. മറിച്ചുള്ള ചിന്തകളും സഹകരണശ്രമങ്ങളെയും നിഷേധിക്കുകയോ ചെറുതായി കാണുകയോ അല്ല ചെയ്യുന്നത്. പക്ഷേ, കൂടുതലും സ്വകാര്യ തുരുത്തുകളിലേക്ക് ഒതുങ്ങുകയാണ്.

അതെ, സ്വന്തത്തിനു വേണ്ടി സമ്പാദിക്കാൻ തന്നെയാണ് പണം മുടക്കി ഗൾഫിലേക്ക് പോയിട്ടുള്ളത്. പക്ഷേ, ഈ ചിന്ത ആരോഗ്യകരമായ നിലപാടിലല്ല വിനിയോഗിക്കുന്നത്. അവിടെയുമുണ്ട് സ്ഖലിതങ്ങൾ.

മലയാളികൾ തമ്മിലുണ്ടായിരുന്ന ബന്ധം പുറംപൂച്ചിൽ മാത്രമാവുകയാണോ? മറ്റുള്ളവൻ അദ്ധ്വാനിച്ചുണ്ടാക്കിയ പണം കടം വാങ്ങി മുങ്ങിക്കളയാനും അത് തിരികെ ചോദിച്ചാൽ റൗഡികളെ വിട്ട് തല്ലിക്കാനും ആവശ്യമെങ്കിൽ അവനെ തട്ടിക്കളയാനുമൊക്കെ ഉദ്യുക്തരാകുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങിക്കഴിഞ്ഞു.

സ്വന്തം കഷ്ടപ്പാട് തീർക്കാൻ ചില വിദ്വാന്മാർ ചിട്ടി സംഘടിപ്പിക്കാറുണ്ട്. ആദ്യത്തെത് മൂപ്പ് എന്ന പേരിൽ സ്വയം ഏടുക്കും. അതിനാണല്ലോ ചിട്ടി തുടങ്ങിയത്. രണ്ടാമത്തേതും പറ്റുമെങ്കിൽ അടുത്ത ഏതാനും തവണകളുടെ പണവുമായി കക്ഷി ഒരു മുങ്ങലാണ്. പിന്നെ ആളെ കാണില്ല. ഇത് ഗൾഫിന്റെ പഴക്കമുള്ള പതിവ് ശീലമാണ്.

അതിനെക്കാൾ പരിതാപകരമായ ഒന്നുണ്ട്. ജോലിയില്ലാത്ത ഒരാൾ എവിടെയെങ്കിലും വല്ല ജോലിസാധ്യതയുമുള്ളതായി കേട്ടാൽ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ടാക്സി പിടിച്ചോ കൂട്ടുകാരുടെ സഹായത്താലോ കക്ഷി അവിടെയെത്തും. കമ്പനിയിൽ ചെന്നു പെടുന്നത് മലയാളിയുടെ മുമ്പിലാണെങ്കിൽ തീർന്നു. ജോലിയവസരങ്ങൾ എത്രയുണ്ടായാലും നേരത്തെ അവിടെ കയറിപ്പറ്റിയ മലയാളി വിടില്ല. അയാളുടെ സമീപനത്തിൽ അങ്ങനെ ഒരു തൊഴിലവസരമേ അവിടെ ഉണ്ടാവുകയില്ല. എന്നാൽ ജോലിയന്വേഷണവുമായി വല്ലവനും തന്നെ സമീപിച്ചാൽ ഉടനെ കീശയിൽ നിന്ന് ഒരു കാർഡെടുത്ത് അയാൾക്ക് കൊടുക്കും. ''ഈ നമ്പറിൽ വിളിച്ചാൽ മതി. വേണമെങ്കിൽ എന്റെ പേരു പറഞ്ഞോളു.'' തൊഴിലന്വേഷകൻ പ്രതീക്ഷയോടെ അത് വാങ്ങും. ആ കാർഡ് കൊടുത്തവന് അത് റോഡിൽനിന്ന് വീണ് കിട്ടിയതാകാം. പക്ഷേ, അതിലൊരു രസം.

ആളുകൾക്ക് ജോലി സംഘടിപ്പിച്ചു കൊടുക്കുകയും അവർക്ക് കിട്ടുന്ന ശമ്പളത്തിൽനിന്ന് മാസം തോറും അവരിൽനിന്ന് സംതിംഗ് കൈപറ്റി ജീവിക്കുകയും ചെയ്യുന്ന വിരുതന്മാരും മലയാളികൾക്കിടയിലുണ്ടെന്ന തമാശ കേട്ട് നമ്മുടെ ജീവിതവിശുദ്ധിയെ സംബന്ധിച്ചു സംശയിച്ചുപോയി.

പിടിച്ചുപറി ഒട്ടും കുറവല്ല ഗൾഫിൽ. അതിലും മലയാളികൾക്ക് പങ്കുണ്ടെന്ന വിവരം വല്ലാതെ ഞെട്ടിപ്പിക്കുന്നതായി. ഒറ്റു കൊടുക്കുവാനും അവരെ തിരിച്ച് ജയിൽമോചിതരാക്കുവാനുമൊക്കെ മലയാളിക്ക് സാധിക്കും.

ഇന്ത്യക്കാരന് പ്രത്യേകിച്ച് കേരളക്കാർക്ക് ഒരിക്കൽ ഗൾഫിലുണ്ടായിരുന്ന സൽപേര് കാത്തുസൂക്ഷിക്കാൻ അവർക്ക് സാധിച്ചില്ല എന്നതാണ് വലിയ ദുരന്തം. അത്യാഗ്രഹവും വിരുതും കൈമുതലുള്ളവർ ചെയ്ത ദുരന്തം അനുഭവിക്കുന്നത് കുറേ പാവങ്ങളാണ്. സ്വന്തം അത്യാഗ്രഹത്തിനു മുമ്പിൽ ചെയ്തുകൂടാത്ത ഒന്നും ഇനി അവശേഷിക്കുന്നില്ല. ഒരിക്കൽ സഹായിച്ചവരെ പ്രയാസത്തിലും കണ്ണീർക്കയത്തിലും മുക്കി മുങ്ങിക്കളയാൻ മാത്രം വളർന്നിരിക്കുന്ന ആ ധാർഷ്ട്യം. രക്തബന്ധം പോലും അതിനു മുമ്പിൽ അന്യം. അതിന്റെ പേരിൽ മുറിഞ്ഞ കുടുംബ ബന്ധങ്ങളും പ്രാരാബ്ധങ്ങളുമായി ജീവിക്കുന്ന കുറേ പാവങ്ങളും അവർക്കിടയിലുണ്ട്.

പെട്ടെന്ന് സ്റ്റക്കായി പോവുകയും സ്തംഭിച്ചാൽ പിന്നെ പ്രവർത്തിപ്പിക്കാനാകാത്തതുമായ ഒരു ഹൃദയവുമായാണ് നാം ജീവിക്കുന്നത്. മനസ്സിന് നിരക്കാത്ത കാര്യങ്ങളുടെ നിർവഹണം ഒരു ഉപകാരവും ചെയ്യുകയില്ല എന്ന് തിരിച്ചറിയുകയും വിശുദ്ധിയുടെ മണ്ണിൽ ശുദ്ധമായി ജീവിക്കാനുള്ള സന്മനസ്സ് ആർജിച്ചെടുക്കുകയും വേണം. അതാണ് സമൂഹത്തോടുള്ള ബാധ്യത. ഉപരി താൻ ഉപദ്രവിച്ചവന്റെയും അവന്റെ കൂട്ടുകുടുംബങ്ങളുടെയും പ്രാർഥനയെ ഭയപ്പെടുകയും വേണം.